മതസൗഹാർദ്ദ വാരാചരണത്തിന്റെ ഭാഗമായി യുണൈറ്റഡ് റിലീജിയൻസ് ഇനിഷ്യേറ്റീവ് ഏഷ്യ റീജൻ ഏർപ്പെടുത്തിയ മതസൗഹാർദ്ദ സമാധാന അവാർഡിന് അർഹനായ കവിയും സാമൂഹികപ്രവർത്തകനുമായ നീലേശ്വരം സദാശിവൻ

Mathrubhoomi
09/02/14

Malayala Manorama
08/2/14

കൊട്ടാരക്കര യൂണിയന്റെയും യുആർഐയുടെയും നേതൃത്വത്തിൽ ആരംഭിച്ച ഐക്യരാഷ്ട്ര സഭ മതസൗഹാർദ വാരാചരണം കരിക്കം ഇന്റർനാഷനൽ പബ്ലിക് സ്കൂൾ സഖ്യത്തിൽ സംസ്ഥാന ഫാമിങ് കോർപറേഷൻ ചെയർമാനും മുൻ സഖ്യം ഭാരവാഹിയുമായ സി. മോഹനൻ പിള്ള ഉദ്ഘാടനം ചെയ്യുന്നു.

മതസൗഹാർദ വാരാചരണത്തിനു തുടക്കമായി.

കൊട്ടാരക്കര ● സഖ്യം കൊട്ടാരക്കര യൂണിയന്റെയും യുആർഐയുടെയും നേതൃത്വത്തിൽ ഐക്യരാഷ്ട്ര സഭ മതസൗഹാർദ വാരാചരണത്തിനു തുടക്കമായി. കരിക്കം ഇന്റർനാഷനൽ പബ്ലിക് സ്കൂൾ സഖ്യത്തിൽ സംസ്ഥാന ഫാമിങ് കോർപറേഷൻ ചെയർമാനും സഖ്യം മുൻ ഭാരവാഹിയുമായ സി. മോഹനൻ പിള്ള ഉദ്ഘാടനം ചെയ്തു. ജാതിപ്പിശാചിന്റെ കോലം കത്തിച്ചു മതനിരപേക്ഷതയ്ക്കു വേണ്ടി നിലകൊണ്ട കരുത്തുറ്റ പ്രസ്ഥാനമാണ് അഖില കേരള ബാലജനസഖ്യമെന്ന് അദ്ദേഹം പറഞ്ഞു. യൂണിയൻ രക്ഷാധികാരി കെ.ഒ. രാജുക്കുട്ടി അധ്യക്ഷത വഹിച്ചു. യുആർഐ ഏഷ്യൻ എക്സി. സെക്രട്ടറി ഡോ. ഏബ്രഹാം കരിക്കം സന്ദേശം നൽകി. പ്രഫ. ജോൺ കുരാക്കാർ, സനൂപ് സാജൻ, റിജിൻ, നിഖിൽ, ജിജി പി. മാത്യു, സൂസൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. റോബിൻ മാത്യു, എബിൻ ബിജു, അഖിൽ കൃഷ്ണൻ എന്നിവർ വിശുദ്ധ ഗ്രന്ഥങ്ങൾ പാരായണം ചെയ്തു. മെഴുകുതിരി കൊളുത്തി മതസൗഹാർദ പ്രതിജ്ഞയെടുത്തു.

വാരാചരണത്തിന്റെ ഭാഗമായി നടത്തിയ ഇന്റർ സ്കൂൾ മത്സരങ്ങൾ ഡോ. സാമുവൽ നെല്ലിക്കാട് ഉദ്ഘാടനം ചെയ്തു. സഖ്യം സംസ്ഥാന ട്രഷറർ ആഷ എ. അലക്സ് അധ്യക്ഷത വഹിച്ചു. പ്രഫ. മോളി കുരാക്കാർ ക്വിസ് മാസ്റ്ററായിരുന്നു.

വാരാചരണത്തിന്റെ സമാപന സമ്മേളനം ഇന്ന് ഒൻപതിന് ഓടനാവട്ടം കോസ്മിക് സെന്ററിൽ നടക്കും. വെയർഹൗസിങ് കോർപറേഷൻ മാനേജർ സജി ജോർജ് ചൊവ്വള്ളൂർ ഉദ്ഘാടനം ചെയ്യും. യൂണിയൻ പ്രസിഡന്റ് യു.എസ്. ചന്ദന അധ്യക്ഷത വഹിക്കും. കലാസംഗമം രാജൻ കോസ്മിക് ഉദ്ഘാടനം ചെയ്യും. എ. ഷാനവാസ് സന്ദേശം നൽകും.

മത്സര വിജയികൾ - ക്വിസ്: സനൂപ് സാജൻ കോശി, ജോവാസ് ചാക്കോ, ജിബിൻ ജോർജ്. പ്രസംഗം: എൻ. നാഭിർഷ, റോബിൻ മാത്യു, സനൂപ് സാജൻ കോശി. ചിത്രരചന - സീനിയർ: ഡെയ്നു അലക്സ്, എബിൻ ബിജു, റവീഷ് കൃഷ്ണൻ. ജൂനിയർ: ജിഹി പി. സാമുവൽ, ജി. സനുമോൻ, കടവ പണിക്കർ, അക്ഷയ് എം. സതീഷ്.